## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *203

04.05.2017 ൽ മറുപടിക്ക്

### പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് എൻ.ഒ.സി ലഭ്യമാക്കുന്ന നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി . സി. ജോർജ്ജ്. | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പല വകുപ്പുകളുടെയും എൻ. ഒ. സി വാങ്ങി ചുരുങ്ങിയ കാലത്തിനുള്ളിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാധിക്കില്ല എന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ ; | (എ) & (ബി) | സംസ്ഥാനത്ത് വ്യവസായ നിക്ഷേപത്തിന് അനുകൂല സാഹചര്യം ഒരുക്കുന്നതിനും, വ്യവസായ സംരംഭകർക്കുള്ള അനുമതിയും ലൈസൻസുകളും അതിവേഗം ലഭ്യമാക്കുന്നതിനുമായി സർക്കാർ പഠനം നടത്തിയിരുന്നു. വാണിജ്യ നിക്ഷേപകർക്ക് അവരുടെ സംരംഭങ്ങൾ സുഗമമായും വേഗത്തിലും നടത്താനാവശ്യമായ പാരിസ്ഥിതികാന്തരീക്ഷം സൃഷ്ടിക്കുക എന്നതിനുവേണ്ടി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫോർ ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്. അതുവഴി വ്യവസായ മേഖലയിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികൾ സംബന്ധിച്ചുള്ള നിലവിലുള്ള സർക്കാർ നിയമങ്ങൾ/ ചട്ടങ്ങൾ / ഉത്തരവുകൾ, നിലവിലുള്ള ഏകജാലകനിയമം, അടിസ്ഥാനസൗകര്യ മേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതുഅപേക്ഷാഫോറം തുടങ്ങിയവ പരിഷ്കരിക്കാനും നടപടികൾ തുടങ്ങി. കൂടാതെ നിലവിലുള്ള ഏക ജാലക |
| (ബി) | പുതിയ വ്യവസായ സംരംഭകരെ ആകർഷിക്കാൻ ഒരു കുടക്കീഴിൽ എന്നപോലെ ഒരു ഓഫീസ് മുഖാന്തിരം എല്ലാവിധ എൻ.ഒ.സി കളും എത്രയും വേഗം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിയ്ക്കാൻ പദ്ധതിയുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | | |

| | | | |
|---|---|---|---|
| | | | ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ' (ഐ പി എഫ് സി) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (കെ എസ് ഐ ഡി സി) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്ന തിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കുക, ബന്ധപ്പെട്ട വകുപ്പുകളിലേയും ഏജൻസികളിലെയും അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത അപേക്ഷാ ഫോറം കൊണ്ടുവരുന്നതിനായും നടപടി ആരംഭിച്ചു. |
| **സി** | സിംഗിൾ വിൻഡോ ക്ലിയറൻസ് പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | **(സി)** | 1999 ലെ ഏകജാലക ക്ലിയറൻസ് സംവിധാനത്തിൽ കാലോചിതമായ മാറ്റം വരുത്താനും കൂടുതൽ ഫലപ്രദമാക്കാനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഇതുസംബന്ധിച്ചുള്ള പഠനറിപ്പോർട്ടിൽ പറഞ്ഞപ്രകാരം വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും അവയുടെ നവീകരണം സംബന്ധിച്ചും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു അപേക്ഷാഫോറവും ഓൺലൈൻ സംവിധാനവും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ടൗൺഷിപ്പ് ഏരിയാ ഡെവലപ്പ്മെന്റ് ആക്ട് സെക്ഷൻ (5) പ്രകാരം കിൻഫ്ര (KINFRA) യുടെ നാല് വ്യവസായ പാർക്കുകളിലും |

| | | | |
|---|---|---|---|
| | | | കെ എസ് ഐ ഡി സി (K S I D C) യുടെ രണ്ട് പാർക്കുകളിലും ഒരു ഏകജാലകക്ലിയറൻസ് ബോർഡ് രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**